**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2751** **14-09-2023 - ൽ മറുപടിയ്ക്ക്**

**വ്യവസായ മേഖലയുടെ വളർച്ച**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരമേറ്റതിനുശേഷം വ്യവസായ മേഖലയുടെ ത്വരിതഗതിയിലുള്ള വളർച്ചയ്ക്കായി സ്വീകരിച്ചു വരുന്ന പ്രധാന പ്രവർത്തനങ്ങളെ സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരമേറ്റതിനുശേഷം ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസ് റാങ്കിങ്ങിൽ രാജ്യത്ത് കേരളത്തിന്റെ റാങ്ക് 28-ാം സ്ഥാനത്തു നിന്നും 15-ാം സ്ഥാനത്തേക്ക് മെച്ചപ്പെടുത്താൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. വിവിധ വകുപ്പുകളുടെ സേവനങ്ങൾ ഓൺലൈൻ ആക്കുന്നതിനും അവയെ കെ-സ്വിഫ്റ്റ് ഏകജാലക സംവിധാനവുമായി ഏകോപിപ്പിക്കുന്നതിനും ഉള്ള നടപടികൾ ത്വരിത ഗതിയിൽ നടന്നു വരുന്നുണ്ട്. ജില്ലാ-സംസ്ഥാന തലങ്ങളിൽ ഏകജാലക ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.<br><br>വിവിധ വകുപ്പുകളുടെ പരിശോധനകൾ ഏകീകരിക്കുന്നതിനായി K-CIS സംവിധാനം നിലവിൽ വന്നിട്ടുണ്ട്.<br><br>ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് വ്യവസായികളുടെ സംശയ ദൂരീകരണത്തിനായി വിദഗ്ധരുടെ പാനൽ സജ്ജമാക്കി, എം.എസ്.എം.ഇ ക്ലിനിക്ക് പദ്ധതി ആരംഭിച്ചിട്ടുണ്ട്. വ്യവസായ വകുപ്പിനു കീഴിൽ ഉള്ള 59 താലൂക്ക് വ്യവസായകേന്ദ്രങ്ങളെയും എന്റർപ്രൈസ് ഫെസിലിറ്റേഷൻ സെന്ററുകളായി മാറ്റുകയും, അവിടെയെല്ലാം താലൂക്ക് റിസോഴ്സ്പേഴ്സൺമാരെ നിയമിക്കുകയും ചെയ്തു. എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും ജില്ലാ റിസോഴ്സ്പേഴ്സൺമാരെ നിയമിച്ചു.<br><br>ഇത് കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ സംരംഭക വർഷവുമായി ബന്ധപ്പെട്ട് പദ്ധതികളുടെ നടത്തിപ്പിനായി 1153 ഇന്റേണുകളെ നിയമിച്ചു പ്രവർത്തനം നടന്നു വരുന്നു.<br><br>സംരംഭകർക്ക് വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിനായി |

നിശ്ചയിക്കപ്പെട്ട സംഗതികളിൽ സിവിൽ കോടതിയുടെ അധികാരികതയുള്ള സ്റ്റാറ്റ്യൂട്ടറി പരാതി പരിഹാര സംവിധാനം (Grievance Redressal System) നിലവിൽ വന്നിട്ടുണ്ട്.

കേരളത്തിൽ നിർമിക്കപ്പെടുന്ന ഉൽപ്പന്നങ്ങളുടെ ഗുണമേന്മ സാക്ഷ്യപ്പെടുത്തുന്നതിനും അവയ്ക്ക് ദേശീയ അന്തർദേശീയ വിപണികൾ പ്രാപ്തമാക്കുന്നതിനുമായി കേരള ബ്രാൻഡ് സംവിധാനം ആരംഭിക്കുന്നതിനുള്ള നടപടികൾ എടുത്തു. കൂടാതെ സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട- ഇടത്തരം സംരംഭങ്ങളുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യാനായി Open Network for Digital Commerce (ONDC) യുമായി ചേർന്ന് ഒരു ഓപ്പൺ നെറ്റ്‌വർക്ക് പ്ലാറ്റ്ഫോം നിർമിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്.

സംസ്ഥാനത്തെ ഭൗമ സൂചിക ലഭിച്ചിട്ടുള്ള വിവിധ ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനത്തിനായും അവയ്ക്ക് അനുയോജ്യമായ വിപണി കണ്ടെത്തുന്നതിനായും ഇതിൽ നിന്നുള്ള ലാഭം യഥാർത്ഥ നിർമാതാക്കളിൽ എത്തിക്കുന്നതിനായി ഇത്തരം ഉല്പന്നങ്ങൾക്കായി ഒരു ജി.ഐ മാർക്കറ്റിങ്ങ് പോർട്ടൽ ആരംഭിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ **1**034 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തിങ്കൾ**,** ബുധൻ ദിവസങ്ങളിൽ പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്കുകൾ സ്ഥാപിച്ചു. എല്ലാ സൂക്ഷ്മ-ചെറുകിട- ഇടത്തരം സംരംഭങ്ങൾക്കും 4% പലിശയ്ക്ക് വായ്പ നൽകുവാൻ സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റിയുമായി (SLBC) ചേർന്ന് കേരള എന്റർപ്രൈസസ് ലോൺ സ്കീം (KELS) അവതരിപ്പിച്ചു.

വിദേശത്തുള്ള മലയാളികളെ സംരഭകത്വത്തിന്റെ വിവിധ മേഖലകളെക്കുറിച്ച് ബോധവാന്മാരാക്കുകയും അവരെ കേരളത്തിൽ സംരംഭങ്ങൾ ആരംഭിക്കാൻ പ്രാപ്തരാക്കുകയും അതു വഴി കേരളത്തിലെ നിക്ഷേപം വർദ്ധിപ്പിക്കുകയും ചെയ്യുന്നതിന് പ്രവാസികൾക്കായി ശില്പശാല2023 ജനുവരി മാസത്തിൽ നടത്തി.

കേരള സർക്കാർ 2022-23 സാമ്പത്തിക വർഷം "സംരംഭക വർഷം" ആയി പ്രഖ്യാപിച്ചിരുന്നു. ഒരു വർഷത്തിൽ കേരളത്തിൽ ഒരു ലക്ഷം പുതിയ സംരംഭങ്ങൾ സൃഷ്ടിച്ചുകൊണ്ട് സംസ്ഥാനത്തെ സൂക്ഷ്മ, ചെറുകിട, ഇടത്തരം തലത്തിലുള്ള സംരംഭകരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നതായിരുന്നു ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഒരു വർഷം കൊണ്ട് ഒരു ലക്ഷം പുതിയ വ്യവസായ

സംരംഭങ്ങൾ സംസ്ഥാനത്ത് തുടങ്ങുക എന്ന ലക്ഷ്യം വെച്ചുകൊണ്ടുള്ള സംസ്ഥാന സർക്കാരിന്റെ സംരംഭക വർഷം പദ്ധതി 2022-23 സാമ്പത്തിക വർഷത്തിൽ139,840 പുതിയ സംരംഭങ്ങളും അതിലൂടെ 3 ലക്ഷത്തിലധികം തൊഴിലവസരങ്ങളും സൃഷ്ടിച്ചുകൊണ്ട് ചരിത്ര വിജയം കൈവരിച്ചു.

സംരംഭക വർഷത്തിന്റെ വിജയത്തെ കണക്കിലെടുത്ത്, 2023-24 സാമ്പത്തിക വർഷവും സംരംഭകവർഷത്തിന്റെ ഭാഗമായി നടത്തിയിരുന്ന പദ്ധതികളെല്ലാം തുടർന്നുകൊണ്ടുപോകാൻ സർക്കാർ ലക്ഷ്യം വെയ്ക്കുന്നു. സംരംഭകവർഷം 2.0 എന്ന പേരിലാണ് പദ്ധതി നടത്തുന്നത്.

പുതുതായി രൂപീകരിച്ച സംരംഭങ്ങളുടെ വിജയവും സുസ്ഥിരതയും ഉറപ്പാക്കുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായി, 2023-24 സാമ്പത്തിക വർഷത്തിൽ MSME സുസ്ഥിരത പദ്ധതി നടപ്പിലാക്കാൻ സർക്കാർ പദ്ധതിയിടുന്നു:

കേരളത്തിലെ MSME കളിൽ നിന്നും തിരഞ്ഞെടുത്ത 1000 MSME-കളെ നാല് വർഷത്തിനുള്ളിൽ 100 കോടി വിറ്റുവരവുള്ള ബിസിനസുകളായി ഉയർത്തുക എന്ന ലക്ഷ്യത്തോടെ സ്കെയിൽ അപ്പ് മിഷൻ പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്.

യുവാക്കൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യവും ആയതിനൊപ്പം വ്യവസായിക മേഖലയിൽ കൂടുതൽ നിക്ഷേപം നേടുന്നതിനും സഹായകമാകുന്ന വിധത്തിൽ സ്വകാര്യ മേഖലയിൽ 'പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്' പദ്ധതി ആവിഷ്കരിച്ചു.

ഈ സർക്കാർ അധികാരമേറ്റതിനുശേഷം വ്യവസായ മേഖലയുടെ ത്വരിതഗതിയിലുള്ള വളർച്ചയ്ക്കായി ഒരു കുടുംബം, ഒരു സംരംഭം പദ്ധതി ; മാനുഫാക്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായ പദ്ധതി; നിലവിലുള്ള എം എസ് ഇ -കളിൽ സൂക്ഷ്മ സംരംഭങ്ങളിൽ നിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽ നിന്ന് ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ട് വരുന്നതിനുള്ള സ്കെയിലിംഗ് അപ് സഹായം, തകർച്ച നേരിടുന്നതും പ്രവർത്തന രഹിതവുമായ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങൾ, കശുവണ്ടി സംസ്കരണ യൂണിറ്റുകൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പദ്ധതികൾ എന്നിവ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ നിലവിലുള്ള എം. എസ് .എം .ഇ -കൾക്ക് കയറ്റുമതി പ്രോത്സാഹനത്തിനുള്ള സഹായം. എം. എസ്. എം. ഇ -കളുടെ പ്രാദേശിക വിപണികൾക്ക് പശ്ചാത്തല

| | | | |
|---|---|---|---|
| | | | സൗകര്യമൊരുക്കൽ, സംസ്ഥാന സഹായത്തോടെയുള്ള ക്ലസ്റ്റർ വികസന പരിപാടി എന്നീ സാമ്പത്തിക സഹായ പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഇതിന്റെ ഭാഗമായി എത്ര തുകയുടെ നിക്ഷേപം ഏതൊക്കെ മേഖലയിൽ നിന്നും നാളിതുവരെ ലഭ്യമായി; ഇതുവഴി എത്ര പേർക്ക് പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ ലഭ്യത ഉറപ്പാക്കാൻ സാധിച്ചു; വ്യക്തമാക്കുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വിവിധ മേഖലകളിലായി 12.09.2023 വരെയുള്ള കണക്കുകൾ പ്രകാരം 1,67,729 സംരംഭങ്ങൾ ആരംഭിക്കുകയും അതുവഴി 10,786.45 കോടി രൂപയുടെ നിക്ഷേപം കൊണ്ടുവരുവാനും 3,81,391 പേർക്ക് തൊഴിൽ ലഭ്യമാക്കുവാനും സാധിച്ചിട്ടുണ്ട്.<br><br>താഴെപ്പറയുന്ന മേഖലകളിലാണ് കൂടുതൽ സംരംഭങ്ങൾ ആരംഭിച്ചിട്ടുള്ളത്.<br><br>i.Agro Food Beverage Meat/fish Products and Processing<br><br>ii.Garments and Textiles<br><br>iii.Trade activities<br><br>iv.General/Precision Engineering<br><br>v.Electrical/Electronics/IT/Mobile hardware/cable tv/Internet<br><br>vi.Automobile Service/repair<br><br>vii.Building Material/Construction/architecture<br><br>viii.Video/Photo processing/media/Printing and Publishing/DTP<br><br>ix.Handloom/coir/Handicrafts<br><br>x.Medical Hospital equipment/Labs<br><br>xi.Personal care products, Cosmetics, Gym, Martial arts, Yoga<br><br>xii.. Plastic/Paper/Leather/Wood/Rubber/Glass Products |
| (സി) | 'കേരള ബ്രാൻഡ്'നടപ്പാക്കി കേരള ഉല്പന്നങ്ങൾ യാഥാർത്ഥ്യമാക്കുവാനും അതുവഴി ഉല്പാദനവും വിപണനവും കാര്യക്ഷമമാക്കാനുമായുള്ള പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ? | (സി) | കേരളത്തിൽ നിർമ്മിക്കുന്ന ഉത്പന്നങ്ങൾ/ നൽകുന്ന സേവനങ്ങൾ എന്നിവയ്ക്ക് ഒരു ആഗോള ഗുണനിലവാരം കൊണ്ട് വരികയും, അതുവഴി ഈ ഉത്പന്നങ്ങൾ/സേവനങ്ങൾക്ക് അന്താരാഷ്ട്ര വിപണിയിൽ ഉള്ള വിപണന സാധ്യത കൂട്ടുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ കേരള സർക്കാർ വിഭാവനം ചെയ്ത പദ്ധതിയാണ് "കേരളാബ്രാൻഡ്". |

| | | | |
|---|---|---|---|
| | | | കേരള ബ്രാൻഡിനുള്ള അപേക്ഷകൾ ഒരു താലൂക്ക് തല സെലക്ഷൻ കമ്മിറ്റി പരിഗണിക്കുകയും അതാത് ഉൽപ്പന്നത്തിന്/സേവനത്തിന് സംസ്ഥാനതല കമ്മിറ്റി അംഗീകരിച്ചിട്ടുള്ള മാനദണ്ഡത്തെ അടിസ്ഥാനമാക്കി കേരള ബ്രാൻഡ് നൽകുകയും ചെയ്യും.<br><br>പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ വെളിച്ചെണ്ണ നിർമ്മാണ യൂണിറ്റുകൾക്ക് വേണ്ടിയുള്ള കേരള ബ്രാൻഡ് തിരഞ്ഞെടുപ്പ് മാനദണ്ഡം, സംസ്ഥാനതല സമിതിയിൽ അവതരിപ്പിച്ചിട്ടുണ്ട്. കമ്മിറ്റി നിർദ്ദേശിച്ച മാറ്റങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് കരട് മാനദണ്ഡം തയാറാക്കിയിട്ടുണ്ട്. ഇതിന് അംഗീകാരം നൽകുന്ന മുറയ്ക്ക് വെളിച്ചെണ്ണ നിർമ്മാണ സംരംഭങ്ങൾക്ക് കേരള ബ്രാൻഡിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്. കേരള ബ്രാൻഡിന് കീഴിൽ വിഭാവനം ചെയ്തിട്ടുള്ള ഗുണനിലവാരം, ധാർമ്മികത, ഉത്തരവാദിത്ത വ്യവസായ സമ്പ്രദായങ്ങൾ എന്നിവയ്ക്ക് അനുസൃതമായി പ്രവർത്തിക്കുന്നവയ്ക്ക് ആയിരിക്കും കേരളാ ബ്രാൻഡ് സർട്ടിഫിക്കേഷൻ നൽകുന്നത്. ഇത്തരത്തിൽ ഉള്ള ഒരു സെൽഫ്-ഡിക്ലറേഷൻ, അപ്ലിക്കേഷന്റെ കൂടെ സമർപ്പിക്കുകയും താലൂക്കുതല സെലക്ഷൻ കമ്മിറ്റിയുടെ പ്രതിനിധി ഇത് നേരിട്ട് പരിശോധിച്ച് ഉറപ്പു വരുത്തുകയും ചെയ്യും. |

സെക്ഷൻ ഓഫീസർ